സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

<u>നടപടിക്രമം</u>

സാങ്കേതികം- വിദ്യാഭ്യാസം- ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനിയറിംഗ്/ ബയോമെഡിക്കൽ എഞ്ചിനീയറിങ്/ ടെക്സ്റ്റൈൽ ടെക്നോളജി എന്നീ വിഭാഗം ലക്ചറർ, ഇലക്ട്രിക്കൽ വിഭാഗം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ് II എന്നീ തസ്തികകളിലെ താൽക്കാലിക അദ്ധ്യാപക നിയമനം -പ്രിൻസിപ്പാളിൻറെ നടപടി **സാധൂകരിച്ച്- ഉത്തരവ് - പുറപ്പെടുവിക്കുന്നു.**

---

ജീവനക്കാര്യം (സി) വിഭാഗം

നം.DTETVM/2311/2024-EC1 (EC) തീയതി 21-01-2025

---

വായന:- 1) വിവിധ സ്ഥാപന മേധാവികളുടെ അപേക്ഷ
2) 11/02/2021-ലെ സ.ഉ. (അച്ചടി) നം.29/2021/ധന.
3) 09.07.2019- ലെ സ.ഉ. (അച്ചടി) നം.81/2019/ധന.
4) ഈ കാര്യാലയത്തിലെ 09/06/2023 തിയതിയിലെ ഇബി5/19810/22 നമ്പർ സർക്കുലർ

<u>ഉത്തരവ്</u>

2024-2025 അദ്ധ്യയന വർഷത്തിലേക്ക്, വായന ഒന്ന് പ്രകാരം വിവിധ സ്ഥാപനങ്ങളിലെ **ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനിയറിംഗ് / ബയോമെഡിക്കൽ എഞ്ചിനീയറിങ്/ ടെക്സ്റ്റൈൽ ടെക്നോളജി എന്നീ വിഭാഗം ലക്ചറർ, ഇലക്ട്രിക്കൽ വിഭാഗം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ് I I** എന്നീ തസ്തികകളിലെ ഒഴിവിലേക്ക് താൽക്കാലികമായി നിയമിച്ചതായി സ്ഥാപനമേധാവികൾ അറിയിച്ചിരിക്കുന്നു. പൂർണ്ണമായും അക്കാദമിക് താൽപ്പര്യത്തിൽ സ്വീകരിച്ച സ്ഥാപന മേധാവികളുടെ പ്രസ്തുത നടപടികളെ, മുകളിൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് അവയുടെ നേരെയുള്ള തസ്തികയിലെ താൽക്കാലിക നിയമനം സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം ബർ | സ്ഥാപനം | തസ്തിക/വിഭാഗം | എണ്ണം | താൽക്കാലികമായി നിയമിച്ചത് |
|---|---|---|---|---|
| 1 | സെൻട്രൽ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം | ലക്ചറർ, ടെക്സ്റ്റൈൽ ടെക്നോളജി | 1 | ശില്പ എസ് |
| 2 | സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ | വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (ഇലക്ട്രിക്കൽ) | 1 | സൽമാൻഫാരിസ് സി |
| 3 | കേരള ഗവ. പോളിടെക്നിക് കോളേജ്, വെസ്റ്റ് ഹിൽ, കോഴിക്കോട് | ലക്ചറർ, (ഇലക്ട്രിക്കൽ &ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് ) | 1 | മുഹമ്മദ് സഹാദ് എ വി |
| 4 | സർക്കാർ പോളിടെക്നിക് കോളേജ്, വെച്ചൂച്ചിറ | ലക്ചറർ, ബയോമെഡിക്കൽ എഞ്ചിനീയറിങ് | 1 | ലിനുമോൾ ജോസഫ് |

സ്ഥിരം ജീവനക്കാരെ നിയമിക്കുന്നത് വരെയോ ഈ അക്കാദമിക് വർഷം അവസാനിക്കുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ മാത്രമായിരിക്കും ഈ താൽക്കാലിക നിയമനം.

സ്ഥാപന മേധാവികളുടെ കത്തിന്റെ അടിസ്ഥാനത്തിൽ സാധൂകരണം നല്കിയിരിക്കുന്ന മേൽ പട്ടികയിൽ, ഒഴിവുള്ള അംഗീകൃത തസ്തികകളിൽ അല്ലാതെ നിയമനം നടത്തിയിട്ടുള്ള താൽക്കാലിക ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ളത് സ്ഥാപന മേധാവികൾ പരിശോധിക്കേണ്ടതും അപ്രകാരം ഉണ്ടെങ്കിൽ പ്രത്യേകം

അനുമതി വാങ്ങേണ്ടതുമാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ(ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)
2. കരുതൽ ഫയൽ/ ആഫീസ് പകർപ്പ്

Signed by
Shalij P R
Date: 21-01-2025 22:28:07